## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : റ്റി .1575 11.02.2013 ൽ മറുപടിക്ക്**

**<u>പരസ്യ ഇനത്തിൽ ചെലവായ തുക</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.ആർ.ഡി വഴിയും വകുപ്പുകൾ നേരിട്ടും പരസ്യഇനത്തിൽ ചെലവഴിച്ച ആകെ തുക എത്രയെന്ന് വിശദമാക്കുമോ; പി.ആർ.ഡി വഴി എത്ര; വകുപ്പുകൾ വഴി എത്ര;

(എ) എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള പരസ്യം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖാന്തിരമാണ് നൽകുന്നത്. ചില വകുപ്പുകൾ നേരിട്ടും ധനലഭ്യതയനുസരിച്ച് പരസ്യം നൽകാറുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് വഴി പരസ്യങ്ങൾക്ക് ചെലവഴിച്ച തുക തരം തിരിച്ച് ചുവടെ ചേർക്കുന്നു.

<u>അച്ചടി മാധ്യമങ്ങൾ</u> :- 44,09,65,004/- രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 27,80,24,189/-രൂപ മുൻ ഗവൺമെന്റിന്റെ കാലത്തെ കുടിശ്ശിക ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്. ഇതിൽ 16,29,40,815/-രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷം നൽകിയ പരസ്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ളതുമാണ്.

<u>ദൃശ്യമാധ്യമങ്ങൾ</u> :- 10,07,54,889/- (പത്ത് കോടി ഏഴ് ലക്ഷത്തി അൻപത്തി നാലായിരത്തി എണ്ണൂറ്റി എൺപത്തൊൻപത്)രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,52,29,000/- (ഒരു കോടി അൻപത്തി രണ്ട് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരം) രൂപ മുൻവർഷങ്ങളിലെ കുടിശ്ശിക യിനത്തിലും ബാക്കി തുകയായ 8,55,25,889/-(എട്ട് കോടി അൻപത്തി അഞ്ച് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി എൺപത്തി ഒൻപത് )രൂപ ഈ സർക്കാർ അധികാരമേറ്റശേഷമുള്ള പരസ്യയിനത്തിൽ ചെലവഴിച്ചിട്ടുള്ളതുമാണ്.

...2/-

| | | |
|---|---|---|
| (ബി) പി.ആർ.ഡിയും മറ്റ് വകുപ്പുകളും പ്രസ്തുത കാലയളവിൽ നല്കിയ പരസ്യ ഇനത്തിൽ ഇനിയും കൊടുത്ത് തീർക്കുവാനുള്ള ആകെ തുക എത്ര;<br><br>(സി) പി.ആർ.ഡിയും വകുപ്പുകളും അതിൻ കീഴിലുള്ള സ്ഥാപനങ്ങളും പരസ്യ ഇനത്തിൽ എത്ര ഓർഡറുകൾ റിലീസ് ചെയ്തിട്ടുണ്ട്; റിലീസ് ചെയ്യപ്പെട്ട പരസ്യ ഓർഡറുകൾക്ക് ആകെ എന്ത് തുക ചെലവ് വരുന്നതാണെന്നറിയിക്കുമോ ? | (ബി)& (സി) | പ്രസ്തുത കാലയളവിൽ അച്ചടി വിഭാഗത്തിൽ പത്ര മാധ്യമങ്ങൾക്ക് ഏകദേശം 59,00,56,825/- രൂപയും, ദൃശ്യമാധ്യമങ്ങൾക്ക് ഏകദേശം 1,79,80,340/- രൂപയും, ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് ഏകദേശം 29,36,480/- രൂപയും കൊടുത്ത് തീർക്കുവാനുണ്ട്. പ്രസ്തുത കാലയളവിൽ അച്ചടി വിഭാഗത്തിൽ പത്ര മാധ്യമങ്ങൾക്ക് 11075 റിലീസ് ഓർഡറും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് 990 റിലീസ് ഓർഡറും നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് മീഡിയ (പരസ്യം & മാർക്കറ്റിംഗ്) വിഭാഗം 19 പരസ്യങ്ങൾ റിലീസ് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**